

# അമേരിക്കൻ കഥകൾ

## മിനികഥകൾ — മുപ്പത്തി ഏഴ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, സഖറിയയുടെ കഥയാണ് ഇപ്പോൾ പറയാൻ പോകുന്നത്. കഴിഞ്ഞ കഥയുടെ തുടച്ചയാണ്. സഖറിയായക്ക് ആ രാത്രി അയാളുടെ ജീവിതത്തിന്റെ ഒരു വഴിത്തിരിവായിരുന്നു. അയാളുടെ സ്വന്തവും ബന്ധവുമായും ആരും ആ സ്ഥലത്തില്ല. എങ്ങോട്ടാ പോകേണ്ടത് എന്താ ചെയ്യേണ്ടത് എന്നൊന്നും അയാൾക്കറിയില്ല. അപ്പോൾ കയ്യിൽ കിട്ടിയ അയാളുടെ എല്ലാ സാധനങ്ങളും എടുത്ത് ആ തല്ലിപൊളി കാറിൽ കയറി. വളരെ നേരം ഏങ്ങലടിച്ചു കരഞ്ഞു. അയാൾക്ക് അപ്പോൾ തുണയായിട്ടുള്ളത് ദൈവം മാത്രമാണ്. അയാൾ ഒരു നല്ല ദൈവ വിശ്വാസിയാണ്. വണ്ടി നേരേ ചെന്നത് സ്വർണ്ണമ്മയുടെ വീട്ടിലാണ്.

രാത്രിയുടെ ഈ സമയത്ത് ആരാണ് എന്ന സംശയത്തോടെ അവൾ വീട്ടിനകത്തു നിന്നുതന്നെ നിരീക്ഷിച്ചു. അമേരിക്കയിലെ എല്ലാ വീട്ടിലും അകത്തു നിന്നും പുറത്തു വന്നിരിക്കുന്നതാരെന്ന് അറിയാൻ കതകിന് വിടവുകൾ ഉണ്ട്. അവളുടെ വീടിനാണെങ്കിൽ, മുൻവാതിലിന്റെ അവിടെ ഒരു ചെറിയ ക്യാമറ സംവിധാനവും ഉണ്ട്. ഒരിക്കലും പ്രതീക്ഷിക്കാതെ ഈ സമയത്ത് അവിടെ സഖറിയായെ കണ്ടപ്പോൾ അവൾ അത്ഭുതപ്പെട്ടു. കഴിഞ്ഞ ഏകദേശം രണ്ടര വർഷങ്ങളായി അവൾക്കവനെ അറിയാം. അവളുടെ ഭർത്താവ് മരിച്ചപ്പോൾ മുതൽ അവൾക്ക് ഏക സഹായം അയാൾ മാത്രമായിരുന്നു. ദൈവം അയച്ചു തന്ന ഒരു ദൂതനെപോലെയാണ് അവൾ അയാളെ കണ്ടിട്ടുള്ളത്. വളരെ മാന്യനായ വ്യക്തി. അവളിൽ നിന്നും യാതൊന്നും പ്രതീക്ഷിക്കാതെ അവളെ രാപകലില്ലാതെ സഹായിച്ച ഒരാൾ. ഒരു നോട്ടത്തിലോ, ഭാവത്തിലോ, വാക്കിലോ പ്രവർത്തിയിലോ ഒന്നും യാതൊരു മലിനതയും കളങ്കവും ഇല്ലാത്ത ഒരാൾ.

അയാൾ ഉണ്ടായ സംഭവം മുഴുവൻ വള്ളി പുള്ളി വിടാതെ ക്രമത്തിന് അവളോട് പറഞ്ഞു. അവസാനം അയാൾക്ക് അവിടെ അഭയം വേണമെന്നാവശ്യപ്പെട്ടു. അവൾ എന്താണ് ചെയ്യേണ്ടതെന്നറിയാതെ അല്പ സമയം ഇരുന്നു. അയാളിൽ നിന്ന് മോശമായ യാതൊന്നും സംഭവിക്കത്തില്ലന്നയാൾ സത്യം ചെയ്തു. എന്തായാലും ഈ രാത്രി അവിടെ താമസിക്കാൻ അനുവദിച്ചു. അവൾ ഒരിക്കലും ചെയ്യാത്ത വിധം അവളുടെ കിടപ്പു മുറി അകത്തു നിന്നും പൂട്ടിയിട്ട് കിടന്നുറങ്ങി. അയാൾ അയാളുടെ സാധനങ്ങൾ വണ്ടിയിൽ നിന്നും എടുത്തു കൊണ്ടു വെച്ചു. അയാൾക്കനുവദിച്ച മുറിയിൽ അയാൾ പോയി കിടന്നു.

അയാളുടെ താമസം അങ്ങിനെ അവിടെ ആയി. അവൾക്ക് അവനോടെ വലിയ ബഹുമാനം തോന്നി. അവൾ കാലത്ത് എഴുന്നേൽക്കുന്നതിനു മുൻപായി അയാൾ എഴുന്നേറ്റ് അവക്ക് രണ്ടു പേക്ക്മുള്ള പ്രഭാത ഭക്ഷണം ഉണ്ടാക്കും. അയാൾ ജോലിക്കു പോയിട്ട് മടങ്ങി വന്നാൽ ആ വീട്ടിലെ എല്ലാ പണികളും അയാൾ ചെയ്യും ഭക്ഷണം എല്ലാം ഉണ്ടാക്കും. പാത്രങ്ങൾ എല്ലാം കഴുകും. പാത്രം കഴുകാൻ യന്ത്രം ഉണ്ട്. എന്തായാലും അവളുടെ പാത്രങ്ങൾ ഒന്നും അയാളെ കൊണ്ട് കഴുകിക്കത്തില്ല. കടയിൽ നിന്നും വാങ്ങേണ്ട എല്ലാ സാധനങ്ങളും അയാളുടെ പണം മുടക്കി അയാൾ വാങ്ങികൊണ്ടു വന്ന് അതെല്ലാം വളരെ രുചിയോടെ പാചകം ചെയ്യും. അയാൾ ഉണ്ടാക്കുന്ന ഭക്ഷണങ്ങൾ എല്ലാം അവൾക്ക് വളരെ സ്വാദേറിയ ഭക്ഷണങ്ങളായിരുന്നു. വീടിനു പുറത്തുള്ള പുല്ലെല്ലാം അതിന്റെ സമയത്തു തന്നെ വെട്ടി വൃത്തിയാക്കും. പിന്നേയും കിട്ടുന്നസമയംമുഴുവനും അയാൾ ഓരോദിവസമായി വീട് വൃത്തിയാക്കും. കനമ്മയുടെ വീടു പോലെ അത്ര വലിയ കൊട്ടാരം പോലെയൊന്നുമല്ല. എന്നാൽ തീരെ ചെറുതല്ല. മൂന്നു കിടക്ക മുറി. രണ്ടര ബാത്തുറൂം. വലിയ ഒരു അടുക്കള. പിന്നെ ലിവിംഗ് റൂം, ഭാമിലി റൂം കൂടതെ രണ്ടര കാർ ഗാരേജ്. വീടിനകത്തായി തന്നെയാണ് ഗാരേജും. കേരളത്തിലെ ഓരോരുത്തർ അവരുടെ വീടിന് കോടികളുടെ കണക്കു പറയുമ്പോൾ, അമേരിക്കയിൽ താമസിക്കുന്ന സാധാരണക്കാരുടെ വീടിന്റെ വില ഇന്ത്യൻ രൂപായുടെ കണക്കു വെച്ചു നോക്കിയാൽ എത്ര കോടികൾ എന്നു പറയാൻ പറ്റത്തില്ല.

അമേരിക്കയിലെ വീടിന്റെ വില ആ വീട് നിൽക്കുന്ന സ്ഥലത്തിനൊപ്പിച്ച് മാറി കൊണ്ടിരിക്കും. വളരെയധികം വില കൂടിയ സ്ഥലത്തു നിൽക്കുന്ന വീടിന് ഭയങ്കര വിലയാകും. അതേ തരത്തിലുള്ള വീട് വില കുറഞ്ഞ സ്ഥലത്താണെങ്കിൽ വളരെ വില കുറവായിരിക്കും. കുറ്റ കൃത്യങ്ങളോ കുഴപ്പങ്ങളോ തീരെ ഇല്ലാത്ത സ്ഥലത്തുള്ള വീടുകൾക്ക് ഭയങ്കര വിലയാണ്. അമേരിക്കയിൽ താമസിക്കുന്ന വളരെയധികം ആളുകളുടെ വീട് ബാങ്കുകാരുടെ ആയിരിക്കും. ഒരു വീട് വാങ്ങുമ്പോൾ, വീടും പുരയിടവും എല്ലാം കൂടെ അതിന് വില നിശ്ചയിക്കും. പിന്നീട് വില പേശൽ നടക്കും. അതിനു ശേഷം പണം കടം കിട്ടാനായി പല ബാങ്കുകാരുമായും ബന്ധപ്പെടും. മിക്കവാറും ഈ കാര്യങ്ങൾ എല്ലാം റിയൽഎസ്റ്റേറ്റുകാരുമായാണ് നടത്തുന്നത്. ഉറപ്പിച്ച വിലയുടെ പത്തു ശതമാനം തീരെ കുറഞ്ഞത് വാങ്ങുന്ന ആൾ കെട്ടി വെക്കണം. ബാക്കി തുകയ്ക്കാണ് കടം എടുക്കുന്നത്. കടം കൊടുക്കണമെങ്കിൽ, കടം ചോദിക്കുന്ന ആളിന്റെ ചുറ്റുപാടുകൾ അവർ വളരെ ആഴത്തിൽ പരിശോധിക്കും. ഇതിനു മുൻപ് ഈ രാജ്യത്ത് കടം വാങ്ങിയിട്ട് കൃത്യമായി കൊടുത്തിരുന്ന ആളാണോ, കുഴപ്പക്കാരനാണോ, ജോലി ഉള്ളവനാണോ, വരുമാനം ഉള്ളവനാണോ അങ്ങിനെ നൂറായിരം കാര്യങ്ങൾ അവർ പരിശോധിച്ച ശേഷം മാത്രമേ കടം കൊടുക്കത്തുള്ളു. എന്നിട്ട് അവർ കണക്കു കൂട്ടും മാസംതോറും മുതലും പലിശയും കൂടെ എത്ര വെച്ച് എത്ര നാളത്തേക്കാണ് ഇടപാട്. ഇവിടെ ആൾക്കാരെ പറ്റിക്കാൻ നോക്കും. ദീർഘകാലത്തേക്ക് കടം കൊടുക്കും അപ്പോൾ മാസംതോറും വളരെ കുറഞ്ഞ തുക അടച്ചാൽ മതി. ഇവിടെ നമ്മുടെ സാധാരണ മലയാളികൾ പെട്ടു പോകും. എന്നാൽ ആദ്യ കുറച്ചധികം വർഷങ്ങളോളം കൊടുക്കുന്നത് വെറും പലിശ മാത്രമായിരിക്കും; മുതൽ അതു പോലെ നിൽക്കും. എപ്പോൾ വേണമെങ്കിലും ഈ തുക നമ്മൾക്ക് റീഫൈനാൻസ് ചെയ്യാം. മിക്കവറും നമ്മുടെ മലയാളികൾ താമസിക്കുന്ന വലിയ പൊങ്ങച്ചം കാണിച്ചുള്ള വീട് ബാങ്കുകാരുടേതായിരിക്കും എപ്പോഴെങ്കിലും മാസം അടക്കേണ്ട തുക കൊടുക്കാതാകുമ്പോൾ ഈ പണം തന്നവർ ആ വീട് ജപ്തി ചെയ്യും. അങ്ങിനെ നിരവധി സംഭവങ്ങൾ നടന്നിട്ടുണ്ട്.

സ്വർണ്ണമ്മയ്ക്ക് ഭർത്താവ് മരിച്ചപ്പോൾ കേസു നടന്ന് കിട്ടിയ വലിയ തുക മുഴുവനും കൊടുത്തു തീർത്ത് വീട് സ്വന്തമാണ്. എന്നാലും വർഷാവർഷം വീടിന്റെ ഇൻഷുറൻസ്, കാറിന്റെ ഇൻഷുറൻസ്, അങ്ങിനെ പലയിനത്തിൽ കൂടെ മാസാമാസം വലിയ തുക ചിലവുണ്ട്. ആറുമാസം അവർ രണ്ടു പേരും ഒന്നിച്ചു താമസിച്ചപ്പോൾ അവൾക്കവനെ വളരെ ഇഷ്ടപ്പെട്ടു. അവനെകൂടാതെ അവൾക്ക് ജീവിക്കാൻ വയ്യാ എന്നവസ്ഥ ആയപ്പോൾ അവർ രണ്ടു പേരും കൂടെ പോയി രജിസ്റ്റേഡ് വിവാഹം നടത്തി. ഈ വിവരം മറ്റാക്കും അറിയത്തില്ല. അവർ വിവാഹ ചെലവെന്നു പറഞ്ഞ് ആവശ്യമില്ലാതെ പണം ചിലവഴിച്ചില്ല. അതിന്റെ ആവശ്യകത അവക്കു തോന്നിയതുമില്ല. അപ്രതീക്ഷിതമായിരുന്ന ആ വിവാഹം.